**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2217** **20-01-2021 - ൽ മറുപടിയ്ക്ക്**

**പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന പദ്ധതിയിലെ പയറുവർഗ്ഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ. എ. നെല്ലിക്കുന്ന് | | Shri P. Thilothaman<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) | |
| (എ) | ദേശീയ ഭക്ഷ്യഭദ്രത നിയമത്തിന്റെ പരിധിയിൽ വരുന്ന റേഷൻ കാർഡുടമകൾ സംസ്ഥാനത്ത് എത്രയുണ്ടെന്നും പ്രസ്തുത പരിധിയിൽ വരാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | (എ) | 588092 എ.എ.വൈ കാർഡുകളും 3247478 പി.എച്ച്.എച്ച് കാർഡുകളും ഉൾപ്പെടെ ആകെ 3835570 ഭക്ഷ്യഭദ്രതാ കാർഡുടമകളാണ് സംസ്ഥാനത്ത് നിലവിലുള്ളത്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 ന്റെ 10(എ) പ്രകാരമുള്ള കേന്ദ്ര സർക്കാർ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് എ.എ.വൈ വിഭാഗത്തെ കണ്ടെത്തുന്നത്. ഇതിലേക്കായി സംസ്ഥാനം പ്രത്യേകം മാനദണ്ഡം നിശ്ചയിച്ചിട്ടില്ല. അന്ത്യോദയ അന്നയോജന (എ.എ.വൈ) പദ്ധതിയിൽ താഴെ പറയുന്ന മാനദണ്ഡ പ്രകാരമുള്ള ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭ്യമാകുന്നത്. 1. സാമൂഹ്യമോ, കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യ രോഗബാധിതരോ, അംഗവൈകല്യമുള്ളവരോ, 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ നാഥ/നാഥനായിട്ടുള്ള കുടുംബങ്ങൾ, ഏകയായ സ്ത്രീയോ പുരുഷനോ. 2. എല്ലാ പ്രാക്തന (പ്രാചീന) ഗോത്ര വർഗ്ഗ കുടുംബങ്ങളും. ഇത് കൂടാതെ കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം എ.എ.വൈ. വിഭാഗത്തിലുൾപ്പെടുന്നതിന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങളോടൊപ്പം കുഷ്ഠരോഗ ബാധിതർ, എയ്ഡ്സ് ബാധിതർ, വിട്ടുമാറാത്തതും മാരകവുമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർ, ക്യാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകേണ്ടി വന്നതുമൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത വൃദ്ധ ദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണം മൂലം അനാഥരാകുന്നവർ, മറ്റാരിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെ കൂടി എ.എ.വൈ പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്. 18.09.2017 ലെ സ.ഉ. |

| | | | |
|---|---|---|---|
| | | | (സാധാ) നം. 320/2017/ഭ.പൊ.വി.വ പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തുന്നത്. |
| (ബി) | പ്രസ്തുത കാർഡുടമകൾക്ക് നൽകാൻ കേന്ദ്ര സർക്കാർ സൗജന്യ പയറുവർഗ്ഗങ്ങൾ അനുവദിച്ചിരുന്നോയെന്നും ഇത് ഈ കാർഡുടമകൾക്ക് നൽകിയോയെന്നും വ്യക്തമാക്കാമോ; | (ബി) | ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിന്റെ പരിധിയിൽ വരുന്ന റേഷൻ കാർഡുടമകൾക്ക് നൽകാൻ കേന്ദ്ര സർക്കാർ സൗജന്യ പയറുവർഗ്ഗങ്ങൾ അനുവദിച്ചിരുന്നു. അതിന്റെ വിതരണം പുരോഗമിക്കുന്നു. |
| (സി) | പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (പി.എം.ജി.കെ.എ.വൈ.) പദ്ധതിയിൽ ലഭിച്ച ഈ പയറുവർഗ്ഗങ്ങൾ (കടലയും പയറും) വക മാറ്റിയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | ഉണ്ട്. ഓരോ മാസവും റേഷൻ കടകളിലേക്ക് വാതിൽപ്പടി വിതരണം നടത്തിയതിനുശേഷം, വരും മാസങ്ങളിലേക്ക് വിതരണം ചെയ്യേണ്ടതായിട്ടുള്ള പയറുവർഗ്ഗങ്ങൾ നീക്കിയിരിപ്പായ സാഹചര്യം ഡിപ്പോകളിൽ ഉണ്ടായിരുന്നു. സൂക്ഷിപ്പ കാലാവധി കുറവായ മേൽപ്പറഞ്ഞ പയറുവർഗ്ഗങ്ങൾ ഉപയോഗ ശൂന്യമാകാതിരിക്കുവാൻ, ഡിപ്പോകളിൽ ആഭ്യന്തര ക്രമീകരണങ്ങൾ നടത്തി ഉപയുക്തമാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ ഉപയോഗപ്പെടുത്തിയിട്ടുള്ള പയർവർഗ്ഗങ്ങൾ മുഴുവനായും PMGKAY/നീക്കിയിരിപ്പിലേക്ക് നൽകുകയും, ആയത് ആവശ്യാനുസരണം റേഷൻ കടകളിലേക്ക് വാതിൽപ്പടി വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. ഇതുമൂലം ഉപയോഗശൂന്യമായിപോകുമായിരുന്ന പയർ വർഗ്ഗങ്ങൾ മുഴുവനായും ഉപയോഗപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാന സർക്കാർ വിതരണം ചെയ്യുന്ന സൗജന്യ ഭക്ഷ്യധാന്യ കിറ്റിൽ പയറിനും കടലയ്ക്കും ക്ഷാമം വന്നപ്പോൾ പി.എം.ജി.കെ.എ.വൈ. പദ്ധതിയിൽ ലഭിച്ച കടലയും പയറും വകമാറ്റിയിരുന്നോയെന്ന് വ്യക്തമാക്കാമോ; | (ഡി) | ക്ലോസ് (സി) യുടെ ഉത്തരം കണ്ടാലും. |
| (ഇ) | നവംബർ മാസം വിതരണം ചെയ്യേണ്ട പയറുവർഗ്ഗങ്ങൾ ജനുവരിയായിട്ടും കാർഡുടമകളിൽ ഭൂരിഭാഗത്തിനും ലഭിച്ചിട്ടില്ലെന്നത് ശരിയാണോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ? | (ഇ) | PMGKAY പദ്ധതി പ്രകാരം രണ്ടാം പാദത്തിന്റെ വിതരണം 2020 ജൂലൈ മുതൽ നവംബർ വരെയായിരുന്നെങ്കിലും വിതരണം ചെയ്യേണ്ട പയറുവർഗ്ഗങ്ങൾ നാഫെഡ്-ൽ നിന്ന് ലഭ്യമായിത്തുടങ്ങിയത് 2020 ആഗസ്റ്റ് മാസം മുതലാണ്. 16.11.2020 ലാണ് അവസാനമായി സ്റ്റോക്ക് ലഭ്യമായത്. എന്നാൽ ഘട്ടം ഘട്ടമായി സ്റ്റോക്ക് ലഭ്യമായതിനനുസരിച്ച്, ദ്രുതഗതിയിൽ വിതരണം പൂർത്തിയാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യുകയും രണ്ടാം പാദത്തിൽ ഇതുവരെ 92% വിതരണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ